പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 539. 12-06-2012 ന് മറുപടിയ്ക്ക്

<u>വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീമതി. ഗീതാ ഗോപി : | ശ്രീ. കെ.ബി. ഗണേഷ് കുമാർ. (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) വനങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് ഭീഷണിയായിട്ടുള്ള ഘടകങ്ങൾ വനംകയ്യേറ്റം, വനംകൊള്ള, കാട്ടുതി, വനഭൂമി വനേതരാവശ്യങ്ങൾ ക്കായി മാറ്റി വയ്ക്കൽ എന്നിവയാണ്. ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനു വേണ്ടി പ്രധാനമായും മേൽഘടകങ്ങളെ നിയന്ത്രിക്കുകയും ഒഴിവാക്കുകയു മാണ് ചെയ്യുന്നത്. ആയതിനായി ഓരോ വനം ഡിവിഷനുകൾക്കും അംഗീകൃത മാനേ-ജ്മെന്റ് പ്ലാൻ /വർക്കിംഗ് പ്ലാൻ തയ്യാറാക്കി ശാസ്ത്രീയമായ പരിപാലന സംരക്ഷണ പ്രവർത്തികൾ നടത്തി വരുന്നു. വനം കയ്യേറ്റം തടയുന്നതിനുള്ള മുൻകരുതൽ, കാട്ടുതീയിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ,വനശോഷണം തടയുന്ന തിനുള്ള പ്രവർത്തനങ്ങൾ,ശോഷിത വനങ്ങൾപുനർജ്ജീവി പ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ, പരദേശി സസ്യങ്ങളുടെ നിർമ്മാർജ്ജന നടപടികൾ, ജലസ്രോതസ്സു കളുടെസംരക്ഷണവു,അളിവ്യദ്ധിപ്പെടുത്തലും, |

## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 540 12-06-2012 ന് മറുപടിയ്ക്ക്

<u>വനത്തിലുള്ള അപൂർവ്വ ഇനം ഓർക്കിഡുകൾ</u>
<u>സംരക്ഷിക്കുന്നതിന് നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ. (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വയനാട് ജില്ലയിലെ വനത്തിൽ വിവിധ ഭാഗങ്ങളിൽ അപൂർവ്വ ഇനം ഓർക്കിഡുകൾ കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇത്തരം അപൂർവ്വ ഇനം ഓർക്കിഡു കളെ കൂടുതലായി കണ്ടെത്തുന്നതിനും സംരക്ഷി ക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | ബി) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| | ആദിവാസികളുടെയും വനാശ്രിത സമൂഹത്തിന്റെയും ആവശ്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള വനസംരക്ഷണ പ്രവർത്തികൾ എന്നിവ വഴി വനപ്രദേശങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം ഉറപ്പു വരുത്തുന്നു. |
| ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ-സസ്യാദികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ബി) വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷ-സസ്യാദികളെ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തി അവയെയും അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയെയും തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരം വൃക്ഷ സസ്യാദികളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള നടപടികൾ എടുക്കുന്നതു കൂടാതെ മറ്റ് അനുയോജ്യമായ സ്ഥലങ്ങളിൽകൂടി കൃത്രിമമായി വ്യാപിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ